**SreeSankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Re-accredited by NAAC with 'A+' Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

10.06.2026

**വിദ്യാഭ്യാസ പേജിലേയ്ക്കുള്ള കരിയർ ഗൈഡൻസ് ഫീച്ചർ**
**(ഓഫ്‌ലൈൻ / ഓൺലൈൻ)**

**പ്രസിദ്ധീകരണത്തിന്**

# സാധ്യതകളുടെ പുതിയ ലോകവുമായി സംസ്കൃത പഠനം സംസ്കൃത സർവ്വകലാശാലയിൽ സ്കോളർഷിപ്പോടെ സംസ്കൃതത്തിൽ നാല് വർഷ ബിരുദ പഠനം; അവസാന തീയതി ജൂൺ 15

**ജലീഷ് പീറ്റർ**

സംസ്കൃതം ലോകത്തിലെ പ്രമുഖമായ വിജ്ഞാനഭാഷകളിലൊന്നാണ്. ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, ആരോഗ്യശാസ്ത്രം, നിയമവിജ്ഞാനം, മതം, തത്വചിന്ത, വാസ്തുവിദ്യ എന്നീ വിവിധ വിഷയ മേഖലകളിൽ എക്കാലത്തേയ്ക്കും ഉപയോഗിക്കാവുന്ന വിജ്ഞാനം ആവിഷ്കരിക്കപ്പെട്ട ഭാഷയാണ് സംസ്കൃതം. സംസ്കൃതം എന്നാൽ സംസ്കരിച്ചെടുത്തത് എന്നാണർത്ഥം. ഭാരതത്തിന്റെ സാംസ്കാരികമായ അടിത്തറ സംസ്കൃതത്തിലാണ് നിലകൊള്ളുന്നത്.

എല്ലാ ഇന്ത്യൻ ഭാഷകൾക്കും സംസ്കൃതത്തിന്റെ സഹായം ലഭിച്ചിട്ടുണ്ട്, ആവശ്യവുമാണ്. വാക്കുകൾ കൊടുക്കുന്നതിൽ മാത്രമല്ല ഭാഷയുടെ ഘടന നിർണ്ണയിക്കുന്നതിലും സംസ്കൃതം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മലയാളം ശ്രേഷ്ഠഭാഷയും ഭരണ ഭാഷയും ഒന്നാം ഭാഷയുമായി മാറുമ്പോൾ ആ മാറ്റത്തിന് മലയാള ഭാഷയെ സഹായിക്കുന്നതും സംസ്കൃതമാണ്. നമ്മുടെ വിജ്ഞാന ഉല്പാദന - വിതരണ രംഗങ്ങളിലെല്ലാം സംസ്കൃതത്തിന്റെ വ്യാപനം നടക്കുന്നുണ്ടെന്നത് ഒരു സത്യമാണ്.

**സംസ്കൃത പഠന സാധ്യതകൾ**

ഭാരതീയ സംസ്കാരത്തിൻറെ അടിവേരുകൾ അന്വേഷിക്കുന്നത് മുതൽ ആധുനിക സയൻസ് വിഷയങ്ങളിലും മാനേജ്മെന്റിലും വരെ പ്രയോഗ സാധ്യതയുള്ള ജ്ഞാന-വിജ്ഞാന

ശേഖരത്തിലേയ്ക്ക് വഴി തുറക്കുന്നതാണ് സംസ്കൃത പഠനം. സംസ്കൃത പദങ്ങളും പ്രയോഗങ്ങളും മലയാളമടക്കം ഭാരതീയ ഭാഷകളിലെല്ലാം ധാരാളമായുള്ളതിനാൽ ഇവയിൽ പ്രാവീണ്യം നേടുവാൻ സംസ്കൃതം അറിയുന്നത് സഹായകമാണ്. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിലെ ഭാഷകളിൽ സംസ്കൃതവുമുണ്ട്.

**അവസരങ്ങൾ അനേകം**

വിവിധഭാഷകളിൽ ബിരുദാനന്തര ബിരുദം കഴിഞ്ഞവർക്ക് ഇന്ന് തൊഴിലവസരങ്ങൾ അനേകമാണ്. എന്നാൽ ഭൂരിഭാഗം പേരും അധ്യാപനം മാത്രം ലക്ഷ്യം വയ്ക്കുന്നവരാണ്. പബ്ലിഷിംഗ്, മാധ്യമ പ്രവർത്തനം, പരിഭാഷ, കണ്ടന്റ് ഡവലപ്പിംഗ്, കോപ്പി എഡിറ്റിംഗ്, നിഘണ്ടു നിർമ്മാണം, മെഷീൻ ലേണിംഗ്, ലാംഗ്വേജ് കമ്പ്യൂട്ടിംഗ്, വിജ്ഞാനകോശ നിർമ്മാണം, മാനുസ്ക്രിപ്റ്റ് ലൈബ്രറി തുടങ്ങിയ തൊഴിൽ മേഖലകളും യോഗ, വാസ്തു, ആയുർവേദം, ഐ. ടി., ഗണിതമടക്കമുള്ള മേഖലകളിലെ ഗവേഷണം, ഐ ടി മേഖലയിലെ വിവിധ തൊഴിലുകൾ എന്നിവയും സംസ്കൃതപഠനം നടത്തിയവർക്ക് തെരഞ്ഞെടുക്കാവുന്ന തൊഴിൽ മേഖലകളാണ്. ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ്, നോളജ് പ്രൊസസ് ഔട്ട്സോഴ്സിംഗ്, ടെക്നിക്കൽ റൈറ്റിംഗ് അഥവ സാങ്കേതിക രചന തുടങ്ങി കോർപറേറ്റ് മേഖലയിൽ ഒട്ടേറെ അവസരങ്ങളാണ് സംസ്കൃത ഭാഷയിൽ വൈദഗ്ധ്യം നേടിയവരെ കാത്തിരിക്കുന്നത്.

ഭാഷ കയ്യിലുണ്ടെങ്കിൽ ജോലി നിങ്ങളെ തേടിവരും. ഏതെങ്കിലുമൊരു തൊഴിലിൽ അല്ലെങ്കിൽ ജോലിയിൽ എത്തിപ്പെടാനുള്ള ഉപകരണമായി ഭാഷ പലപ്പോഴും മാറാറുണ്ട്. ഭാഷ കൈകാര്യം ചെയ്യാനും നന്നായി ആശയ വിനിമയം നടത്താനുമുള്ള കഴിവ് ഒരു ജോലിയിലേയ്ക്കുള്ള ചവിട്ടുപടിയാണ്. ഭാഷ കൈകാര്യം ചെയ്യാൻ അറിയുന്നത് ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സഹായിക്കും.

**ടെക്നിക്കൽ റൈറ്റിംഗ് അഥവ സാങ്കേതിക രചന**

എഴുതുവാനുള്ള അഭിരുചിയും ഐ.ടി. പശ്ചാത്തലത്തെ സംബന്ധിച്ച് അടിസ്ഥാനബോധവും ഉണ്ടെങ്കിൽ സാങ്കേതിക രചനാരംഗത്ത് സംസ്കൃത പഠനത്തിൽ പ്രാവീണ്യം നേടിയവർക്ക് തൊഴിൽ നേടാൻ കഴിയും. സംസ്കൃതഭാഷയിൽ പ്രാവീണ്യം നേടിയവർക്ക് ഇൻഫർമേഷൻ ടെക്നോളജി, ഡിജിറ്റൽ മേഖലകളിൽ ധാരാളം അവസരങ്ങളുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ്, ശാസ്ത്രം, റോബോട്ടിക്സ്, നാനോടെക്നോളജി, ഇലക്ട്രോണിക്സ് തുടങ്ങി എല്ലാ മേഖലകളിലും സാങ്കേതിക രചനാ വിദഗ്ധർക്ക് തൊഴിൽ സാധ്യതകളുണ്ട്. സാങ്കേതിക വിഷയങ്ങൾ ലളിതമായി അതത് ഭാഷകളിൽ അവതരിപ്പിക്കുന്നതിന് ആശയ വിനിമയ മികവും സാങ്കേതിക പരിജ്ഞാനവുമുള്ളവരെ വിവിധഭാഷകളിൽ ടെക്നിക്കൽ കണ്ടന്റ് റൈറ്ററായി ഇന്ത്യൻ / വിദേശ കമ്പനികൾക്ക് ആവശ്യമുണ്ട്.

**സംസ്കൃത സർവ്വകലാശാലയിൽ സംസ്കൃതത്തിൽ നാല് വർഷ ബിരുദം**

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും സംസ്കൃത ഭാഷയുടെ വിവിധ സ്പെഷ്യലൈസേഷനുകളായ സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം, സംസ്കൃതം ന്യായം,

സംസ്കൃത ജനറൽ എന്നീ വിഷയങ്ങളിൽ നാല് വർഷ ബിരുദ പഠനത്തിന് ഇപ്പോൾ അപേക്ഷിക്കാം.

**സംസ്കൃത പഠനത്തിന് പ്രതിമാസം 500/- രൂപ സ്കോളർഷിപ്പ്**
സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് (മേജർ) പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/- രൂപ വീതം സർവ്വകലാശാല സ്കോളർഷിപ്പ് നൽകുന്നതാണ്.

കാലടി മുഖ്യ ക്യാമ്പസിൽ സംസ്കൃതം-സാഹിത്യം, സംസ്കൃതം-വേദാന്തം, സംസ്കൃതം-വ്യാകരണം, സംസ്കൃതം-ന്യായം, സംസ്കൃതം-ജനറൽ എന്നീ നാല് വർഷ ബിരുദ പ്രോഗ്രാമുകളാണുള്ളത്. തിരുവനന്തപുരം (സംസ്കൃതം ന്യായം, സംസ്കൃതം വേദാന്തം), പന്മന (സംസ്കൃതം വേദാന്തം), കൊയിലാണ്ടി (സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം ജനറൽ), തിരൂർ (സംസ്കൃതം വ്യാകരണം), പയ്യന്നൂർ (സംസ്കൃതം സാഹിത്യം) ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം) എന്നീ പ്രാദേശിക ക്യാമ്പസ്സുകളിലും നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**പ്രവേശനം എങ്ങനെ?**
പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് ഈ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കുവാൻ കഴിയും. മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദപ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 60 രൂപയുംഎസ് സി /എസ് ടി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 30 രൂപയുമാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് 2026 ജനുവരി ഒന്നിന് 23 വയസും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് 25 വയസുമാണ്.

**അവസാന തീയതി ജൂൺ 15**
അപേക്ഷകൾ https://ug.ssus.ac.in/ വഴി ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

**ജലീഷ് പീറ്റർ**
പബ്ലിക്റിലേഷൻസ്ഓഫീസർ
ഫോൺനം. 9447123075